## കെ.ജെ ഹനീഫ്



**തിരുവനന്തപുരം** പാളയം പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു കെ.ജെ ഹനീഫ് സാഹിബ്. 1955-ൽ സെക്രട്ടറിയേറ്റിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം നിയമസഭാ സ്പീക്കർമാരായിരുന്ന സീതി സാഹിബ്, സി.എച്ച് മുഹമ്മദ്കോയ, അലക്സാണ്ടർ പറമ്പിത്തറ, കെ. മൊയ്തീൻകുട്ടി ഹാജി, ആർ.എസ് ഉണ്ണി, ചാക്കീരി അഹമ്മദ്കുട്ടി തുടങ്ങിയവരുടെ പ്രൈവറ്റ് സെക്രട്ടറിയാവാൻ അവസരം ലഭിച്ച ഏക വ്യക്തിയായിരുന്നു. 1967-ൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച് മുഹമ്മദ് കോയയുടെയും 1980-ൽ പൊതുമരാമത്ത് മന്ത്രിയായിരുന്ന പി.എം അബൂബക്കറിന്റെയും അഡീഷനൽ പ്രൈവറ്റ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സർവീസിലിരിക്കുമ്പോൾ തന്നെ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുകയും ജമാഅത്ത് അംഗമാവുകയും ചെയ്തു. ട്രിവാൻഡ്രം ഇസ്‌ലാമിക് മിഷൻ ട്രസ്റ്റ്, പാളയം ഇസ്‌ലാമിക് സെന്റർ, ദാറുൽ അമാനത്ത്, അഴീക്കോട് ഇസ്‌ലാമിക് എജുക്കേഷനൽ കോംപ്ലക്സ്, മെഡിക്കൽ ഗൈഡൻസ് ആന്റ് ഇൻഫർമേഷൻ സെന്റർ എന്നിവയുടെ ചെയർമാൻ, പ്രസിഡന്റ്, രക്ഷാധികാരി എന്നീ നിലകളിൽ നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു. ഭാര്യ: ഫാതിമ. മക്കൾ: അബ്ദുൽജലീൽ, മൻസൂർ അഹ്മദ്, ബദറുൽ മുനീർ.

## വെഞ്ഞാറമൂട്
## കെ. അബ്ദുർറഹ്മാൻ മൗലവി



**തിരുവനന്തപുരം** ജമാഅത്ത് പ്രാദേശിക അംഗവും ജില്ലയിൽ പ്രഥമ ഏരിയാ ഓർഗനൈസറുമായിരുന്നു വെഞ്ഞാറമൂട് കെ. അബ്ദുർറഹ്മാൻ മൗലവി. ബൈക്ക് അപകടത്തെ തുടർന്ന് കുറച്ചുകാലമായി കിടപ്പിലായിരുന്നു.

1970-കളിൽ ദക്ഷിണകേരളത്തിൽ ജമാഅത്തുപ്രവർത്തകനായിരുന്ന എ. ഇബ്റാഹിംകുട്ടി മൗലവി (എ.ഇ.കെ) മുഖേനയാണ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. ദീർഘകാലം മഹല്ലുജമാഅത്തിന്റെ സെക്രട്ടറിയായിരുന്നു. വെഞ്ഞാറമൂടിന്റെ സമീപ പ്രദേശമായ നാഗരുകുഴിയിൽ പ്രസ്ഥാന പ്രവർത്തകർ സംഘടിപ്പിച്ച പ്രഭാഷണ പരമ്പരയിൽ പങ്കെടുത്ത കൊല്ലം അബ്ദുല്ല മൗലവി, നീർക്കുന്നം മുഹമ്മദ് മൗലവി എന്നിവരെയും പ്രവർത്തകരെയും ടാക്സി തൊഴിലാളികളുടെ സഹായത്തോടെ ഒരു വിഭാഗം ആളുകൾ തല്ലുകയും സ്റ്റേജ് തകർക്കുകയും ചെയ്തിരുന്നു. അബ്ദുർറഹ്മാൻ സാഹിബും നിരവധി പ്രവർത്തകരും ആശുപത്രിയിലായി. ആശുപത്രിയിൽനിന്നും പുറത്തുവന്നയുടനെ സഹപ്രവർത്തകരുമായി തങ്ങളെ തല്ലിയവരുടെ വീടുകൾ സന്ദർശിക്കാനും സ്ക്വാഡ് നടത്താനും അദ്ദേഹം അതീവ താൽപര്യം കാണിച്ചു.

മുരുക്കുംപുഴയിൽ ഖത്വീബായിരുന്നു. പിന്നീട് ഞാറയിൽകോണത്തും കുറച്ചുകാലം ഖത്വീബായി. അതിനുശേഷം തിരുവനന്തപുരം പോലീസ് ട്രെയ്നിംഗ് കോളേജ് പള്ളിയിൽ ഖുത്വ്ബ നിർവഹിച്ചു വരികയായിരുന്നു. ഹാജറയാണ് ഭാര്യ. മൂന്ന് പെൺകുട്ടികളും നാല് ആൺമക്കളും അടങ്ങുന്നതാണ് കുടുംബം.

**പ്രഫ. പി.എ സഹീദ് പാളയം**

## സി. അബ്ദുൽമജീദ്



**പട്ടാമ്പി** കാർകുൻ ഹൽഖ മുൻ സെക്രട്ടറിയും *മാധ്യമ*ത്തിന്റെ തുടക്കം മുതൽ പട്ടാമ്പി ഏജന്റുമായിരുന്നു സി. അബ്ദുൽമജീദ്(50).

*മാധ്യമ*ത്തിന്റെ പാലക്കാട് ജില്ലാ കോ-ഓർഡിനേറ്റർ ആയിരുന്ന എ. കുഞ്ഞുമുഹമ്മദ് സാഹിബാണ് വേങ്ങരക്കാരനായ മജീദിനെ പട്ടാമ്പിയിലേക്ക് കൊണ്ടുവന്നത്. തുടർന്ന് അദ്ദേഹം പട്ടാമ്പിയിൽ സ്ഥിരതാമസമാക്കി. തുടർച്ചയായി ഏജൻസി നിലനിർത്തിയതിന് *മാധ്യമ*ത്തിൽനിന്ന് അദ്ദേഹത്തിന് ഉപഹാരങ്ങൾ ലഭിച്ചിരുന്നു.

ആരോഗ്യപരമായ കാരണങ്ങളാൽ പത്രവിതരണം കഴിയാതെ വന്നപ്പോൾ മാത്രമാണ് അദ്ദേഹം ഏജൻസി അവസാനിപ്പിച്ചത്. തുടർന്ന് കോഴിക്കോട് ഹിറാസെന്ററിൽ സെക്യൂരിറ്റി വിഭാഗത്തിൽ ചേർന്നു. വേങ്ങര കച്ചേരിപ്പടിയിൽ അലവിമാസ്റ്ററുടെയും ഫാത്വിമ ടീച്ചറുടെയും മകനാണ്. ഭാര്യ: ഫൗസിയ. മക്കൾ: ബാക്കിർ, അബുജിഹാദ്, മുഹ്സിന.

**എ.ടി മുഹമ്മദ്കുട്ടി പട്ടാമ്പി**

## പി.കെ ഹംസഹാജി



**പാലക്കാട്** പഴയലക്കിടി പടിഞ്ഞാറെക്കര ഹംസ സാഹിബ്(84), അമ്പതുകളുടെ അവസാനത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. പിന്നീട് അംഗമായി. കോയമ്പത്തൂരിൽ വ്യവസായിയായിരുന്ന അദ്ദേഹം കാമരാജപുരം അൽമദ്റസത്തുൽ ഇസ്‌ലാമിയ, മസ്ജിദുൽ ഹുദ തുടങ്ങിയവയുടെ നിർമാണത്തിന് നേതൃത്വം നൽകി.

ശേഷം പഴയ ലക്കിടിയിൽ ഹൽഖ രൂപീകരിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. ഒറ്റപ്പാലം ഏരിയയിൽ പ്രാദേശിക ജമാഅത്ത് രൂപീകരണം മുതൽ എല്ലാ യോഗങ്ങളും തന്റെ പുതിയ ഗൃഹത്തിൽവെച്ചുതന്നെ വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. പ്രാദേശിക ജമാഅത്ത് ആസ്ഥാനം ലക്കിടിയിൽതന്നെ വേണമെന്നും അതിനാവശ്യമായ സ്ഥലം വാങ്ങണമെന്നും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചിരുന്നു.

**ടി.വി മുഹമ്മദലി ഒറ്റപ്പാലം**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*